**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**

Department of Technical Education, Govt. of Kerala
HMT Junction, Kalamassery, Kochi – 683 104

*E-mail: sitttr@gmail.com, jd_cdc@yahoo.com*
***Phone & Fax: 0484 2542355*** Web: www.sitttrkerala.ac.in

No.P3/453/21 14.09.2021

# പ്രസിദ്ധീകരണത്തിന്
## പോളിടെക്നിക് ഡിപ്ലോമ അഡ്മിഷൻ – 2021
## രണ്ടാമത്തെ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

ഗവൺമെന്റ് / ഗവൺമെന്റ്-എയ്ഡഡ്/ IHRD/CAPE/ സ്വാശ്രയ പോളിടെക്നിക് കോളേജിലേക്കു പ്രവേശനത്തിനുള്ള രണ്ടാമത്തെ അലോട്ട്മെന്റ് ലിസ്റ്റ് ഇന്ന് (14.09.2021) പ്രസിദ്ധീകരിച്ചു. ആദ്യത്തെ ഓപ്ഷനോ, ഇഷ്ടപ്പെട്ട ഓപ്ഷനോ ലഭിച്ചവർ അലോട്ട്മെന്റ് ലഭിച്ച സ്ഥാപനങ്ങളിൽ മുഴുവൻ ഫീസടച്ച് പ്രവേശനം നേടേണ്ടതാണ്. ഇപ്പോൾ പുതിയതായി ലഭിച്ച അലോട്ട്മെന്റ് നിലനിർത്തുകയും എന്നാൽ ഉയർന്ന ഓപ്ഷനുകളിലേക്ക് മാറാൻ ആഗ്രഹിക്കുന്നതുമായ അപേക്ഷകർ ഏറ്റവുമടുത്തുള്ള ഗവൺമെന്റ് / ഗവൺമെന്റ്-എയ്ഡഡ്/ IHRD പോളിടെക്നിക്കിൽ രജിസ്റ്റർ ചെയ്ത് താൽക്കാലിക പ്രവേശനം നേടേണ്ടതാണ്. നേരത്തെ രജിസ്റ്റർ ചെയ്ത് താൽക്കാലിക പ്രവേശനം നേടിയവർ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല, അവർക്ക് ലഭിച്ച ഉയർന്ന ഓപ്ഷൻ ഇഷ്ടപ്പെടുകയാണെങ്കിൽ അതാത് സ്ഥാപനങ്ങളിൽ പോയി പ്രവേശനം നേടാവുന്നതാണ്. അല്ലാത്തപക്ഷം മൂന്നാമത്തെ അലോട്ട്മെന്റിനായി കാത്തിരിക്കാവുന്നതാണ്.

ഇതു വരെ 3805 പേർ പ്രവേശനം നേടുകയും 6456 പേർ ഉയർന്ന ഓപ്ഷനുവേണ്ടി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തെ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും 17/09/2021 വൈകീട്ട് 4 മണി വരെ സാധിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർക്ക് അവരുടെ ഉയർന്ന ഓപ്ഷനുകൾ ഓൺലൈനായി പുനഃക്രമീകരണം നടത്താവുന്നതാണ്.

**ജോയിന്റ് ഡയറക്ടർ**

Sd/-